"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ , ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 10 % മാർജിനൽ സീറ്റ് വർദ്ധനവ് നൽകുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് -ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.107/2025/GEDN തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-
1. 5.5.2025 ലെ സ.ഉ(സാധാ)നം. 3106/2025/പൊ.വി.വ. ഉത്തരവ്
2. 4.6.2025 ലെ സ.ഉ(കൈ)നം. 102/2025/പൊ.വി.വ. ഉത്തരവ്
3. 13.06.2025 ലെ സ.ഉ(കൈ)നം. 106/2025/പൊ.വി.വ. ഉത്തരവ്

**ഉത്തരവ്**

പരാമർശം 3 ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ, ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ല ഒഴികെയുള്ള ജില്ലകളിൽ, 10% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലമ്പൂർ മണ്ഡലത്തിലെ ഉപ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ, മലപ്പുറം ജില്ലയിൽ നിന്നുള്ള അപേക്ഷകളുടെ കാര്യത്തിൽ ഇലക്ഷൻ കമ്മീഷന്റെ അനുമതിക്ക് വിധേയമായിട്ടായിരിക്കണം സീറ്റ് വർദ്ധനവ് അനുവദിക്കേണ്ടത് എന്ന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

2.പരാമർശം 3 ലെ ഉത്തരവ് മേൽ സൂചിപ്പിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് (11.6.2025 ലെ ഇനം നം. 3042)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ കേരള), തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by N K Sheena
Date: 13-06-2025 17:49:23
സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാദ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം- സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ , ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ല ഒഴികെയുള്ള ജില്ലകളിൽ 10 % മാർജിനൽ സീറ്റ് വർദ്ധനവ് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.106/2025/GEDN തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:- 1. 5.5.2025-ലെ സ.ഉ(സാധാ) നം. 3106/2025/പൊവിവ ഉത്തരവ്

2. 4.6.2025-ലെ സ.ഉ(കൈ) നം. 102/2025/പൊവിവ ഉത്തരവ്

**<u>ഉത്തരവ്</u>**

2025-26 അധ്യയന വർഷത്തെ ഒന്നാം വർഷ ഹയർ സെക്കന്ററി പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത 29.04.2025 -ലെ യോഗത്തിൽ 2021, 2023, 2024 വർഷങ്ങളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ തുടരുവാനും സർക്കാർ /എയ്ഡഡ് സ്‌കൂളുകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുവാനും തീരുമാനമെടുത്തിരുന്നു. ആയത് പ്രകാരം പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ മാർജിനൽ സീറ്റ് വർദ്ധനവ് സംബന്ധിച്ച വിഷയം ഉൾപ്പെട്ടിരുന്നില്ല. കൂടാതെ അൺ എയ്ഡഡ് സ്കൂളുകളിലും, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മുൻവർഷങ്ങളിൽ അനുവദിച്ചതു പോലെ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കണമെന്ന് ആവശ്യമുയർന്നിരുന്നു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി-സ്‌കൂളുകളിൽ 2025-26 അധ്യയന വർഷത്തെ പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് 2024-25 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനും അനുമതി നൽകി 4.6.2025-ലെ സ.ഉ(കൈ) നം. 102/2025/പൊവിവ പ്രകാരം ഉത്തരവായിരുന്നു. അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും ഇപ്രകാരം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് ആവശ്യമുയർന്നിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ , ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

പരിശോധനയുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ല ഒഴികെയുള്ള ജില്ലകളിൽ, 10 % മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് (11.6.2025 ലെ ഇനം നം. 3042)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ കേരള), തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by N K Sheena**
**Date: 13-06-2025 14:47:17**
സെക്ഷൻ ഓഫീസർ

പകർപ്പ്-
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-06-2025

ഫയൽ നം. ജെ.ആർ.3/79/2025/പൊവിവ. ഇനം നം: 3042

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 10% മാർജിനൽ സീറ്റ് വർദ്ധനവ് നൽകുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : മലപ്പുറം ജില്ലയിൽ നിന്നുള്ള അപേക്ഷകളുടെ കാര്യത്തിൽ ഇലക്ഷൻ കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായിട്ടായിരിക്കണം സീറ്റ് വർദ്ധനവ് അനുവദിക്കേണ്ടതെന്ന നിബന്ധനയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

3042

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ജെ.ആർ3/79/2025/പൊവിവ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ജെ ആർ) വകുപ്പ് |
| 3 | വിഷയം | : | സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ, 10 ശതമാനം മാർജിനൽസീറ്റ് വർദ്ധനവ് നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09-06-2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ജയകുമാർ.സി.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ.കെ.വാസുകി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.06.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10.06.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് പ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 2025-26 അധ്യയന വർഷത്തെ ഒന്നാം വർഷ ഹയർ സെക്കൻററി പ്രവേശനവുമായി ബന്ധപ്പെട്ട് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വിളിച്ച് ചേർത്ത 29.04.2025 -ലെ യോഗത്തിൽ 2021, 2023, 2024 വർഷങ്ങളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ തുടരുവാനും സർക്കാർ / എയിഡഡ് സ്കൂളുകളിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുവാനും തീരുമാനമെടുത്തിരുന്നു. എന്നാൽ ആയത് പ്രകാരം പുറപ്പെടുവിച്ച 5.5.2025-ലെ സ.ഉ(സാധാ) നം. 3106/2025/പൊവിവ ഉത്തരവിൽ മാർജിനൽ സീറ്റ് വർദ്ധനവ് സംബന്ധിച്ച വിഷയം ഉൾപ്പെട്ടിരുന്നില്ല. കൂടാതെ അൺ എയ്ഡഡ് സ്കൂളുകളിലും, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മുൻവർഷങ്ങളിൽ അനുവദിച്ചതു പോലെ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കണമെന്ന് ആവശ്യമുയർന്നിരുന്നു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തെ പ്ലസ് വൺ ഏകജാലക പ്രവേശനത്തിന് 2024-25 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനും അനുമതി നൽകി 4.6.2025-ലെ സ.ഉ(കൈ) നം. 102/2025/പൊവിവ പ്രകാരം ഉത്തരവായിരുന്നു.അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധന അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അനുമതി ആവശ്യമായതിനാൽ സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ

സെക്കണ്ടറി സ്കൂളുകളിൽ, ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 10 ശതമാനം സീറ്റ് വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ, ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ, ആവശ്യപ്പെടുന്ന സ്കൂളുകൾക്ക്, നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 2025-2026 അദ്ധ്യയന വർഷത്തിൽ പ്ലസ് വണ്ണിൽ 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകാമോ?